ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.06.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഗോത്ര മേഖലയിലെ യുവജനങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാർ നിരന്തരം പ്രവർത്തിക്കുകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says the Central Government constantly works for the upliftment of tribal youth.**

2. കുടിയേറ്റ - വിദേശി നിയമങ്ങളിൽ ഭേദഗതി വരുത്തി കേന്ദ്ര ആഭ്യന്തര മന്ത്രാലയം; രജിസ്ട്രേഷൻ സമയ ക്രമത്തിലും അപ്പീൽ സമയക്രമത്തിലും മാറ്റം.

   **Union Home Ministry amends immigration and foreigners rules; changes registration and appeal schedules.**

3. സുപ്രീം കോടതിയിൽ പുതുതായി നിയമിതരായ അഞ്ച് ജഡ്ജിമാർ സത്യപ്രതിജ്ഞ ചെയ്തു.

   **Five newly appointed Supreme Court judges take oath of office.**

4. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ദക്ഷിണാഫ്രിക്കൻ ഉപരാഷ്ട്രപതി പോൾ മഷാറ്റൈലുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

   **External Affairs Minister S. Jaishankar meets South African Deputy President Paul Mashatile in New Delhi.**

5. പതിനാറാം കേരള നിയമസഭയിലെ ഡെപ്യൂട്ടി സ്പീക്കറായി ഷാനിമോൾ ഉസ്മാനെ തിരഞ്ഞെടുത്തു.

**Shanimol Usman wins election as Deputy Speaker of the 16th Kerala Legislative Assembly.**

6. **ഇന്ത്യ- ഇംഗ്ലണ്ട് വനിത ട്വൻറി - 20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് ഇംഗ്ലണ്ടിൽ.**

**India and England face off today in England for the third women's T20 cricket match.**

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# PRESIDENT

ഗോത്ര മേഖലയിലെ യുവജനങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാർ നിരന്തരം പ്രവർത്തിക്കുകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഗോത്രകാര്യ മന്ത്രാലയത്തിന്റെ ഫ്ലാഗ്ഷിപ്പ് സ്കോളർഷിപ്പ് പദ്ധതികളുടെ, ആദിവാസി മേഖലയിൽ നിന്നുള്ള ഗുണഭോക്താക്കളെ, രാഷ്ട്രപതി അഭിസംബോധന ചെയ്തു. രാഷ്ട്രപതി ഭവനിൽ നടന്ന പരിപാടിയിൽ കേന്ദ്ര ഗോത്രകാര്യ മന്ത്രി ജുവൽ ഓറം, കേന്ദ്ര സഹമന്ത്രി ദുർഗാദാസ് ഉയികെ തുടങ്ങിയ പ്രമുഖർ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# HOME - IMMIGRATION RULE

2025 ലെ ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് നിയമങ്ങൾ പ്രകാരം രജിസ്ട്രേഷൻ സമയക്രമത്തിലും അപ്പീൽ സംവിധാനത്തിലും മാറ്റം വരുത്തിക്കൊണ്ട് 2026 ലെ ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് (ഭേദഗതി) നിയമങ്ങൾ വിജ്ഞാപനം ചെയ്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. പുതിയ നിയമ പ്രകാരം ഇന്ത്യയിൽ എത്തി 180 ദിവസം കഴിയുന്നതിന് മുമ്പ് ഏത് സമയത്തും രജിസ്ട്രേഷൻ പൂർത്തിയാക്കാം. കാലയളവിനപ്പുറമുള്ള വൈകിയ രജിസ്ട്രേഷൻ അടിയന്തര സാഹചര്യങ്ങളിൽ മാത്രമേ അനുവദിക്കൂ.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# PM-ARTICLE CEPA (INTRO)

ഇന്ത്യ - ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിന് ശക്തിപകരുമെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയുഷ് ഗോയൽ. രാജ്യത്തെ വിദ്യാർത്ഥികൾ, കരകൗശല വിദഗ്ധർ,

സ്ത്രീകൾ, കർഷകർ, മത്സ്യത്തൊഴിലാളികൾ, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയ്ക്ക് കരാർ പ്രയോജനം ചെയ്യുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**(ഹോൾഡ് വോയിസ്)**

ഇന്ത്യ - ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ ഇന്ത്യൻ കയറ്റുമതിക്കാർക്ക് വിപണികൾ വൈവിധ്യവത്കരിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അവസരമൊരുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്നലെയാണ് ഇന്ത്യ-ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ പ്രാബല്യത്തിൽ വന്നത്.

# JUDGES OATH

സുപ്രീം കോടതിയിൽ പുതുതായി നിയമിതരായ അഞ്ച് ജഡ്ജിമാർ സത്യപ്രതിജ്ഞ ചെയ്തു. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് സത്യവാചകം ചൊല്ലിക്കൊടുത്തു. പഞ്ചാബ്-ഹരിയാന ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഷീൽ നാഗു, ബോംബെ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ശ്രീചന്ദ്രശേഖർ, മധ്യപ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് സഞ്ജീവ് സച്ച്ദേവ, ജമ്മു കശ്മീർ- ലഡാക്ക് ഹൈക്കോടതി ചീഫ് ജസ്റ്റിസ് അരുൺ പള്ളി എന്നിവരും, മുതിർന്ന അഭിഭാഷക വെങ്കിട സുബ്രഹ്മണി മോഹനയും ആണ് ജഡ്ജിമാരായി നിയമിക്കപ്പെട്ടത്.

# JAISHANKAR - SOUTH AFRICA

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ദക്ഷിണാഫ്രിക്കൻ ഉപരാഷ്ട്രപതി പോൾ മഷാറ്റൈലുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വ്യാപാരം, നിക്ഷേപം, M S M E കൾ, ഡിജിറ്റൽ തുടങ്ങിയ അടിസ്ഥാന സൗകര്യ മേഖലകളിലെ അവസരങ്ങളെക്കുറിച്ച് ചർച്ച ചെയ്തതായി കേന്ദ്ര മന്ത്രി പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിലുള്ള ദീർഘകാല പങ്കാളിത്തം കൂടുതൽ ശക്തമാക്കുന്നതിനും അന്താരാഷ്ട്ര വേദികളിൽ ഇന്ത്യയും ദക്ഷിണാഫ്രിക്കയും ഒരുമിച്ചു പ്രവർത്തിക്കുന്നതിനും ധാരണ ആയതായി വിദേശകാര്യ മന്ത്രി സമൂഹ മാധ്യമത്തിൽ പറഞ്ഞു.

## CBSE-PORTAL LIVE (INTRO)

വിദ്യാർഥികൾക്ക് ഉത്തര കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പുകളിലെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പുനർമൂല്യനിർണ്ണയത്തിനുമുള്ള പോർട്ടൽ പ്രവർത്തനക്ഷമമാക്കിയതായി CBSE. ഇന്ന് മുതൽ ഈ മാസം 6 വരെ വിദ്യാർഥികൾക്ക് ഈ പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

വിശദാംശങ്ങളിലേക്ക്.....

## (VOICE)

മൂല്യനിർണ്ണയം കഴിഞ്ഞ ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പ് ഇതിനകം കൈപ്പറ്റിയിട്ടുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സൗകര്യം പ്രയോജനപ്പെടുത്താൻ സാധിക്കൂ എന്ന് സി.ബി.എസ്.ഇ അറിയിച്ചു. സുരക്ഷാ മുൻകരുതലുകളുടെ ഭാഗമായി ആധാർ വെരിഫിക്കേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. ആധാർ കാർഡ് ഇല്ലാത്ത കുട്ടികൾക്ക് മാതാപിതാക്കളുടെയോ, രക്ഷിതാവിന്റെയോ ആധാർ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഉത്തരക്കടലാസുകളുടെ പരിശോധനയ്ക്ക് ഓരോ വിഷയത്തിന്റെയും ഉത്തരപേപ്പറിന് 100 രൂപ വീതവും, പുനർമൂല്യ നിർണ്ണയ ത്തിന് ചോദ്യമൊന്നിന് 25 രൂപയുമാണ് ഫീസ്. ഓൺലൈൻ മാർഗ്ഗങ്ങളി ലൂടെ മാത്രമേ ഫീസ് അടയ്ക്കാൻ സാധിക്കൂ.

ന്യൂസ് ഡെസ്ക്, ആകാശവാണി....

## PM-TELANGANA

തെലങ്കാന സംസ്ഥാന രൂപീകരണ ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും തെലങ്കാനയിലെ ജനങ്ങൾക്ക് ആശംസ കൾ നേർന്നു. സമ്പന്നമായ സാംസ്കാരിക പൈതൃകം കൊണ്ട് അനുഗ്രഹീത മാണ് തെലങ്കാനയെന്ന് രാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു. ധൈര്യ ത്തിന്റെയും ദൃഢനിശ്ചയത്തിന്റെയും പോരാട്ടവീര്യത്തിന്റെയും മഹത്തായ ചരിത്രവും സംസ്കാരവും ഉൾകൊള്ളുന്ന സംസ്ഥാനമാണ് തെലങ്കാനയെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനും ജനങ്ങൾക്ക് ആശംസകൾ നേർന്നു.

## DEPUTY SPEAKER

പതിനാറാം കേരള നിയമസഭയിലെ ഡെപ്യൂട്ടി സ്പീക്കറായി ഷാനിമോൾ ഉസ്മാനെ തിരഞ്ഞെടുത്തു. കോൺഗ്രസിലെ ഷാനിമോൾ ഉസ്മാനും സിപിഐയിലെ മുഹമ്മദ് മൊഹ്സിനും തമ്മിലായിരുന്നു മത്സരം. ഷാനിമോൾ ഉസ്മാനു 99 വോട്ടുകൾ ലഭിച്ചപ്പോൾ, മുഹമ്മദ് മൊഹ്സിനു 34 വോട്ടുകൾ ആണ് ലഭിച്ചത്. 4 പേർ വോട്ട് ചെയ്തില്ല. മൂന്നര പതിറ്റാണ്ടിന് ശേഷമാണ് ഒരു വനിത ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് എത്തുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## KERALA ASSEMBLY

വിലക്കയറ്റവുമായി ബന്ധപ്പെട്ട് നിയമസഭയിൽ പ്രതിപക്ഷം അവതരിപ്പിച്ച അടിയന്തര പ്രമേയ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചു. കെ.എൻ.ബാലഗോപാലാണ് നോട്ടീസ് നൽകിയത്. പെട്രോളിയം വില വർധന ഉൾപ്പടെ ജനജീവിതം ദുഷ്കരമാക്കിയതായി പ്രതിപക്ഷം കുറ്റപ്പെടുത്തി. പാചകവാതക വില വർധനവിൽ സംസ്ഥാനത്തെ 70,000 ത്തോളം ഹോട്ടലുകളുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. ഇന്ധന വിലവർധനയിൽ പരിശോധിച്ച്, സർക്കാർ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ സഭയിൽ വ്യക്തമാക്കി. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രം ഉടൻ ഇറക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. അടിയന്തര പ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## WOMENS TWENTY - 20 CRICKET

ഇന്ത്യ - ഇംഗ്ലണ്ട് വനിത ട്വന്റി - 20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. ഇംഗ്ലണ്ടിലെ ടൗൺടണിലുള്ള കൗണ്ടി ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ത്യൻ സമയം രാത്രി 11 മണിക്കാണ് മത്സരം. ആദ്യ മത്സരം ഇന്ത്യയും രണ്ടാം മത്സരം ഇംഗ്ലണ്ടും ജയിച്ചതോടെ ഇന്നത്തെ വിജയികൾ പരമ്പര സ്വന്തമാക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## GOVT. ACCOMPLISHMENT OF 12 YEARS (INTRO)

രാജ്യത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദീർഘവീക്ഷണത്തോടെയുള്ള നേതൃത്വത്തിന് കീഴിൽ, കഴിഞ്ഞ 12 വർഷത്തിനിടെ ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തിക ഉൾപ്പെടുത്തൽ തുടങ്ങിയ മേഖലകളിലൂടെ സ്ത്രീകളുടെ ജീവിതത്തിൽ വൻ മാറ്റങ്ങളാണ് ഉണ്ടായത്.
വിശദാംശങ്ങളിലേക്ക്.....

(VOICE)

ഈട് രഹിത വായ്പകൾ നൽകുന്ന പ്രധാനമന്ത്രി മുദ്ര യോജനയിലൂടെ ഈ വർഷം മാർച്ച് വരെ വിതരണം ചെയ്ത 40 ലക്ഷം കോടി രൂപയിൽ 17 ലക്ഷം കോടിയും ലഭിച്ചത് വനിതാ സംരംഭകർക്കാണ്. പ്രധാനമന്ത്രി ജൻ ധൻ യോജന വഴി രാജ്യത്ത് ആരംഭിച്ച 58 കോടിയിലധികം അക്കൗണ്ടുകളിൽ 33 കോടിയും സ്ത്രീകൾക്കുള്ളതാണ്. സുകന്യ സമൃദ്ധി യോജന, സ്ത്രീകൾക്ക് പ്രതിവർഷം കുറഞ്ഞത് ഒരു ലക്ഷം രൂപ വരുമാനം ഉറപ്പാക്കുന്ന ലക്ഷ്പതി ദീദി പദ്ധതി എന്നിവയും സ്ത്രീകളുടെ സാമ്പത്തിക അടിത്തറ ശക്തമാക്കി. കൂടാതെ, ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതിയിലൂടെ രാജ്യത്തെ സ്ത്രീ-പുരുഷ അനുപാതം ഉയർന്നതും ശ്രദ്ധേയമായി.
ന്യൂസ് ഡെസ്ക്, ആകാശവാണി....

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## IMD-WEATHER

കേരളം, മാഹി, ലക്ഷദ്വീപ്, തമിഴ്നാട്, എന്നീ മേഖലകളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ആന്ധ്രാപ്രദേശിന്റെ തീരപ്രദേശം, ഗുജറാത്ത്, ഒഡീഷ, രാജസ്ഥാൻ, പടിഞ്ഞാറൻ മധ്യപ്രദേശ് എന്നിവിടങ്ങളിൽ ശക്തമായ കാറ്റിനും ഇടിമിന്നലോടു കൂടിയ മഴയ്ക്കും സാധ്യതയുണ്ട്. കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യത പ്രവചിച്ച് 10 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. വരും ദിവസങ്ങളിൽ സംസ്ഥാനത്ത് മഴ കൂടുതൽ ശക്തമാകുമെന്നാണ് മുന്നറിയിപ്പ്. കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 5 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## VALLEY OF FLOWERS

ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിൽ, യുനെസ്കോയുടെ ലോക പൈതൃക കേന്ദ്രമായ 'വാലി ഓഫ് ഫ്ലവേഴ്സ്' സന്ദർശകർക്കായി തുറന്നു. താഴ്‌വരയിലെ അപൂർവ സസ്യജാലങ്ങളും ജൈവവൈവിധ്യവും സംരക്ഷിക്കാൻ സന്ദർശകർ സഹകരിക്കണമെന്ന് വനംവകുപ്പ് അഭ്യർത്ഥിച്ചു. നിലവിൽ മുന്നൂറിലധികം പൂവിനങ്ങളും നിരവധി അപൂർവ സസ്യങ്ങളും നിറഞ്ഞതാണ് ഈ താഴ്‌വര. ഈ വർഷം ഒക്ടോബർ 31 വരെ സന്ദർശകർക്ക് ഇവിടേക്ക് പ്രവേശനമുണ്ടായിരിക്കുമെന്ന് അധികൃതർ അറിയിച്ചു.

*********************

## JAISHANKAR - ITALY

ഇറ്റലിയുടെ ദേശീയ ദിനത്തിൽ ആശംസകൾ നേർന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തി പ്രാപിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ശ്രീ ജയശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു.

*********************

## ITALY-EARTHQUAKE

ഇറ്റലിയിൽ തെക്കൻ കാലാബ്രിയൻ തീരത്ത് ശക്തമായ ഭൂചലനം അനുഭവപ്പെട്ടു. ഇന്ന് പുലർച്ചെയുണ്ടായ ഭൂചലനം റിക്ടർ സ്കെയിലിൽ 6.1 തീവ്രത രേഖപ്പെടുത്തി. കാലാബ്രിയൻ തീരക്കടലിൽ ഏകദേശം 250 കിലോമീറ്റർ ആഴത്തിലാണ് ഭൂചലനത്തിന്റെ പ്രഭവകേന്ദ്രം. സംഭവത്തിൽ നാശനഷ്ടങ്ങളോ ജീവഹാനിയോ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. അധികൃതർ സ്ഥിതിഗതികൾ വിലയിരുത്തി വരികയാണ്.

*********************

## SENSEX - GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 243 പോയിന്റ് നഷ്ടത്തിൽ 74,018ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 93 പോയിന്റ് താഴ്ന്ന് 23,289 ലും വ്യാപാരം തുടരുന്നു.
സ്വർണ വിലയിൽ മാറ്റമില്ല. പവന് ഒരു ലക്ഷത്തി 14,560 രൂപയും, ഗ്രാമിന് 14,320 രൂപയുമാണ് ഇന്നത്തെ വില.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## INDIA-AFRICA EBOLA

പൊതുജനാരോഗ്യത്തെ പിന്തുണയ്ക്കുന്നതിനും ആഫ്രിക്കയിലുടനീളമുള്ള എബോള പ്രതിരോധത്തിനുമായി ഇന്ത്യ രണ്ടാം ഘട്ട മെഡിക്കൽ സഹായം അയച്ചു. സംരക്ഷണ ഉപകരണങ്ങൾ, രോഗനിർണയ, നിരീക്ഷണ ഉപകരണങ്ങൾ, മരുന്നുകൾ, പോഷക സപ്ലിമെന്റുകൾ എന്നിവ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രി. എസ്. ജയശങ്കർ സമൂഹ മാധ്യമത്തിൽ പറഞ്ഞു.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## PENTAGON-MEDIA BAN

മാധ്യമങ്ങൾക്ക് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി യു.എസ് പ്രതിരോധ ആസ്ഥാനമായ പെന്റഗണിലെ പ്രസ് ഓഫീസിൽ മാധ്യമപ്രവർത്തകർക്ക് പ്രവേശനം നിഷേധിച്ച് യു എസ് പ്രതിരോധ മന്ത്രാലയം ഉത്തരവിറക്കി. രഹസ്യ വിവരങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ഈ സ്ഥലം പങ്കിടുന്നതിനാൽ, ഓഫീസിനെ അതീവ രഹസ്യ വിഭാഗത്തിലേക്ക് മാറ്റിയതായി ആക്ടിങ് പ്രസ് സെക്രട്ടറി അറിയിച്ചു. ട്രംപ് ഭരണകൂടവും മാധ്യമങ്ങളും തമ്മിലുള്ള തർക്കം രൂക്ഷമാകുന്നതിനിടയിലാണ് പുതിയ നിയന്ത്രണം.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

❋❋❋❋❋❋❋❋❋❋❋❋❋

❋❋❋❋❋❋❋